# SSLC MODEL EXAMINATION—FEBRUARY 2012

## MALAYALAM-II

Time : 1½ hrs. Total Score : 40

**പൊതുനിർദ്ദേശങ്ങൾ**

* ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഇത് ചോദ്യം വായിക്കുന്നതിനും ഉത്തരം മനസ്സിൽ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
* ആകെ 10 ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്.
* എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
* നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കിയതിനുശേഷം മാത്രം ഉത്തരമെഴുതുക.
* ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

1. സൂചന വ്യക്തമാക്കുക :

ഒ. എൻ. വി. കുറുപ്പ് തന്റെ കവിമനസ്സിനെ ശാരിക എന്നു വിശേഷിപ്പിച്ചിരിക്കുന്നു. മലയാള കവിതയുടെ പാരമ്പര്യത്തെക്കുറിച്ച് എന്തു സൂചനയാണ് ഇതിലൂടെ കവി നൽകുന്നത് ?

(സ്കോർ 2)

2. എഡിറ്റുചെയ്യുക :

താഴെ ഒരു നീണ്ട വാക്യം കൊടുത്തിരിക്കുന്നു. അതു നാലു ചെറിയ വാക്യങ്ങളായി മാറ്റിയെഴുതുക.

ഓരോ പ്രദേശത്തിന്റെയും സവിശേഷതയും ആവശ്യകതയും മനസ്സിലാക്കി റോഡ് ഏതു നിലവാരത്തിൽ വേണമെന്നു നിശ്ചയിച്ച് തുക അനുവദിക്കുകയും നിർമ്മാണഘട്ടത്തിലും തുടർന്നും പരിശോധനകൾ നടത്തുകയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്താൽ നല്ല റോഡുകൾ ഉണ്ടാകും.

(സ്കോർ 2)

3. സന്ദർഭം വിവരിച്ച് കുറിപ്പു തയ്യാറാക്കുക :

ഉമ്മുക്കുലുസു മരിച്ചുപോയി എന്ന യാഥാർത്ഥ്യം പുള്ളിക്കുറിഞ്ഞിക്കും ചുറ്റിക്കറങ്ങി നടക്കുന്ന കാറ്റിനുമെല്ലാം ഉൾക്കൊള്ളാൻ കഴിയുന്നുണ്ട്. എന്നാൽ ഉമ്മയ്ക്കുമാത്രം അതിനു കഴിയുന്നില്ല എന്ന് കവി വെളിപ്പെടുത്തുന്ന സന്ദർഭം വിവരിക്കുക.

(സ്കോർ 4) (അരപ്പുറം)

4. താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക :

- മലയാളം സംസാരിച്ചതിന് കുട്ടിയെ ക്ലാസ്സിനു പുറത്തുനിർത്തി.
- മലയാളം സംസാരിച്ചതിന് പിഴ ഈടാക്കി.

അടുത്തകാലത്തുവന്ന ചില പത്രവാർത്തകളിലെ പരാമർശങ്ങളാണിവ. മലയാളം മാത്രമല്ല, പല ഭാഷകളും അവഗണനകൾ നേരിടുന്നുണ്ട്. മലയാളത്തിന്റേയും കികുയു ഭാഷയുടേയും അവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

(സ്കോർ 4) (അരപ്പുറം)

5. സങ്കല്പിച്ചെഴുതുക :

"ഒരു മനുഷ്യനെ കണ്ട സന്തോഷത്തിൽ ഞാനയാളെ ഒന്നു തൊടുകപോലുമുണ്ടായി."

'ആടുജീവിത'ത്തിലെ നജീബിന്റെ വാക്കുകളാണിത്. മറ്റുള്ളവരിൽനിന്ന് ആശ്വാസ വാക്കുകൾ അയാൾ ആഗ്രഹിക്കുന്നുണ്ട്. നജീബ് കണ്ടുമുട്ടിയ മനുഷ്യൻ നിങ്ങളായിരുന്നെങ്കിൽ എന്തെല്ലാം പറഞ്ഞാകും അയാളെ ആശ്വസിപ്പിക്കുക ?

(സ്കോർ 4) (അരപ്പുറം)

6. വിശദീകരണക്കുറിപ്പെഴുതുക :

സമൂഹത്തിലുണ്ടാകുന്ന ഏതു മാറ്റങ്ങൾക്കും പിറകിൽ മനുഷ്യന്റെ ഇടപെടലും അതിനു വേണ്ടി അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളുമുണ്ട്. അയിത്തം ഇല്ലാതാക്കാൻ വേണ്ടിയുള്ള പ്രവർത്തനത്തിൽ വി. ടി. ഭട്ടതിരിപ്പാട് അനുഭവിച്ച മാനസികസംഘർഷം എന്തായിരുന്നു ? വിശദമാക്കുക.

(സ്കോർ 4) (അരപ്പുറം)

7. വിശകലനം ചെയ്തു കുറിപ്പെഴുതുക :

കണ്ണീരണിഞ്ഞു കുഗ്രാമ-
ലക്ഷ്മി നോക്കിയിരിക്കവെ,
കേവഞ്ചികേറിപ്പോയോണ-
വെണ്ണിലാവണിരാവുകൾ.

ഈ പ്രകൃതി വർണ്ണന, മനുഷ്യജീവിതത്തിലെ വികാരതീവ്രമായ ഏതെങ്കിലും സന്ദർഭങ്ങളെ ഓർമ്മിപ്പിക്കുന്നുണ്ടോ ? വിശകലനം ചെയ്തു കുറിപ്പെഴുതുക.

(സ്കോർ 4) (അരപ്പുറം)

8. കഥാപാത്രനിരൂപണം തയ്യാറാക്കുക :

എല്ലാവരും സ്വന്തം സുഖസൗകര്യങ്ങളിലേക്ക് ചുരുങ്ങുന്ന ഇക്കാലത്ത് 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിലെ നായകൻ വ്യത്യസ്തനാകുന്നു. ഈ കഥാപാത്രത്തെ വ്യത്യസ്തനാക്കുന്ന ഘടകങ്ങൾ കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.

(സ്കോർ 4) (അരപ്പുറം)

9. സ്വാഭിപ്രായം വിശദമാക്കി ഉപന്യസിക്കുക :

നാടുവിട്ടുപോയ തൊഴിലാളികൾക്ക് ജന്മനാടിനോടുള്ള ആത്മബന്ധത്തിന്റെ ആവിഷ്കാര മാണ് 'ആസ്സാംപണിക്കാർ'. ഇന്നും മലയാളികൾ വിദ്യാഭ്യാസത്തിനും തൊഴിലിനും മറ്റുമായി അന്യനാടുകളിൽ കഴിയുന്നുണ്ട്. ജന്മനാടിനോട് ആസ്സാംപണിക്കാർക്കുള്ളതുപോലെ ആത്മബന്ധം പുതിയ തലമുറയ്ക്കുണ്ടോ ? ആസ്സാംപണിക്കാർ കണ്ട കേരളവും ഇന്നത്തെ കേരളവും താരതമ്യം ചെയ്ത് നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

(സ്കോർ 6) (ഒരു പുറം)

10. പ്രഭാഷണം തയ്യാറാക്കുക :

സ്കൂളിലെ സാഹിത്യസമാജത്തിൽ അവതരിപ്പിക്കുന്നതിനായി 'എന്റെ അമ്മ മലയാളം' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക. 'എന്റെ ഭാഷ', 'മലയാളം' എന്നീ പാഠഭാഗ ങ്ങളിലെ ആശയങ്ങൾ ഉപയോഗപ്പെടുത്തണം.

അല്ലെങ്കിൽ

'ആടുജീവിത'ത്തിലെ നജീബിന്റെ ദുരിതം നിറഞ്ഞ ജീവിതകഥ വായിച്ചുവല്ലോ. ഇതു പോലെ കഷ്ടപ്പെടുന്ന നിരവധി വിദേശ മലയാളികളുണ്ട്. അവരുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണണമെന്നപേക്ഷിച്ചുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിക്കു നൽകാൻ ഒരു നിവേദനം തയ്യാറാക്കുക. അവരെ സഹായിക്കാൻ നമ്മുടെ സമൂഹത്തിന് എന്തെല്ലാം ചെയ്യാനാകും എന്ന നിർദ്ദേശമടങ്ങുന്നതാവണം നിവേദനം.

(സ്കോർ 6) (ഒരു പുറം)